**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കേരളോത്സവം 2016- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.3156/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21/11/2016

---

പരാമർശം:- 1) 24.06.2015 ലെ സ.ഉ.(സാധാ) 1907/2015/തസ്വഭവ നമ്പർ ഉത്തരവ്.
2) കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 03.11.2016 ലെ പി1-1981/16/വൈ.ഡബ്ലിയു.ബി നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാകായിക-സാഹിത്യ കാർഷികശേഷികൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന പദ്ധതിയായ കേരളോത്സവം 2016 ന്റെ സംഘാടനത്തിനായി പരാമർശം (1)ൽ നൽകിയ അനുമതി പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാൻ അനുവാദം നൽകണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016 ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | – | 50,000/- രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | - | 1 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി | - | 1 ലക്ഷം രൂപ |
| കോർപ്പറേഷൻ | - | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് | - | 2 ലക്ഷം രൂപ |

3. ഇങ്ങനെ ധനവിനിയോഗം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും 31.03.2017 വരെ 2016 കേരളോത്സവം ഇനത്തിലുണ്ടാകുന്ന വരവ് ചെലവ് കണക്കുകളുടെ കൗൺസിൽ/കമ്മിറ്റി അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും 2017 ഏപ്രിൽ 15 നകം കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന് നൽകേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജന ക്ഷേമബോർഡ്, ടി.സി.9/479, ജവഹർ നഗർ ജെ-1, കവടിയാർ പി.ഒ., തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
} ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പകർപ്പ് നൽകേണ്ടതാണ്.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ്
സ്പോർട്ട്സ് & യുവജനക്ഷേമവകുപ്പ്
ധനകാര്യ (എസ്.എഫ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.